**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1945** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്ക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വാഹനങ്ങളിൽ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ (Electricity, CNG, LPG തുടങ്ങിയവ) ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 15 വർഷം പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ മേൽപ്പറഞ്ഞ ഹരിത ഇന്ധനങ്ങളിലേയ്ക്ക് 01.01.2024 മുതൽ മാറ്റേണ്ടതാണ്. ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നവർക്ക് 30,000/- രൂപ വീതം സബ്സിഡി നൽകി വരുന്നു. വാഹനങ്ങളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് 2022-ൽ കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ വൈദ്യുത ബസ്സുകൾ 50 എണ്ണം കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം സിറ്റി സർക്കുലറിന് ഉപയോഗിച്ച് വരുന്നു. കെ.എസ്.ആർ.ടി.സിയുടെ ഗ്രാമവണ്ടി, ബൈപ്പാസ് റൈഡർ, സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ, സമുദ്ര, ഫീഡർ എന്നീ വൈവിദ്ധ്യങ്ങളായ നൂതന സർവ്വീസുകൾ പൊതുജനങ്ങളെ പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിനും പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും സഹായകരമായിട്ടുണ്ട്. Fully Automated Traffic Enforcement System നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രധാന റോഡുകളിൽ എ. ഐ. ക്യാമറകൾ, ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുവാനും ആയി സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം റോഡപകടങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഇലക്ട്രിക്ക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. ഇലക്ട്രിക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5% മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.<br><br>2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷാകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.<br><br>3. ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക്ക് കാർ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50% ഒഴിവാക്കി നൽകിയിട്ടുണ്ട്.<br><br>4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷാകളുടെ ഉടമകൾക്ക് 30,000/- രൂപ വരെ സബ്സിഡി അനുവദിച്ച് നൽകി വരുന്നു.<br><br>5. അനെർട്ട്, കെ.എസ്.ഇ.ബി. തുടങ്ങിയ പൊതു മേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് ഗതാഗത വകുപ്പ് പൊതുജനങ്ങളുടെ ഉപഭോഗത്തിന് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു.<br><br>6. ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് അനെർട്ട് മുഖേന സബ്സിഡി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>7. കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ് 110 ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ 53 ഇ-ബസ്സുകൾ കൂടി തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിരത്തിലിറക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ